# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3761 | | | 17/12/2015 ൽ മറുപടിക്ക് |
|---|---|---|---|
| **വി.എ.അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം** | | | |
| **ചോദ്യം** | | | **മറുപടി** |
| **ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.പി.സി വിഷ്ണുനാഥ്**<br>**ശ്രീ.ജോസഫ് വാഴയ്ക്കൻ** | | | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) | പ്രതിപക്ഷ നേതാവിന്റെ മകൻ വി.എ.അരുൺ കുമാറിനെതിരെ വിജിലൻസ് വകുപ്പ് നടത്തുന്ന വി.ഇ.4/2011/എസ്.സി.റ്റി, വി.ഇ.20/2011/എസ്.ഐ.യു-11 എന്നീ നമ്പരുകളിലുള്ള കേസുകളുടെ നാളിതു വരെയുള്ള അന്വേഷണത്തിന്റെ പൂർണ്ണവിവരം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | 1)വി.ഇ.4/2011/എസ്.സി.റ്റി<br>16.06.2011 തീയതിയിലെ ജി.ഒ(എം.എസ്) 19/2011/വിജി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ശ്രീ.വി.എ.അരുൺകുമാറിനെതിരെ വിജിലൻസ് ഡയറക്ടർ നടത്തുന്ന വി.ഇ.4/2011/എസ്.സി.റ്റി-യിൽ അന്വേഷണം അന്തിമഘട്ടത്തിലാണ്.<br>2) വി.ഇ.20/2011/എസ്.ഐ.യു-II<br>സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ 20.09.2011 തീയതിയിലെ 7967/ഇ 3/2011/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വി.എ.അരുൺ കുമാറിനെതിരെ വി.ഇ.20/2011/എസ്.ഐ.യു-II-യിൽ വിജിലൻസ് ഡയറക്ടർ അന്വേഷണം നടത്തുകയും 06.06.2012 തീയതിയിലെ T1(VE 20/11/SIU-II )20763/2011 നമ്പർ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും റിപ്പോർട്ടിന്റെ പകർപ്പ് ആഭ്യന്തര വകുപ്പിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെ കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി 07.08.2012 ലെ 7967/ഇ 3/11/വിജി നമ്പർ കത്തിലൂടെ ആഭ്യന്തര വകുപ്പിന് നൽകുകയും ചെയ്തു. |
| (ബി) | വി.എ.അരുൺ കുമാറിനെതിരെ 16.06.2011 ലെ ജി.ഒ.(എം.എസ്.)19/2011/വിജി നമ്പർ പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ ; | | |
| (സി) | പ്രസ്തുത കേസിലെ പരാതിക്കാരനായ മുഖ്യമന്ത്രിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയോ എന്ന വിവരം ലഭ്യമാക്കുമോ ? | (സി) | രേഖപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ